(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

വൈദ്യുത പദ്ധതികൾക്കുവേണ്ടി എ. ഡി. ബി.-യിൽനിന്ന് ലഭിക്കുന്ന തുക

76 [5317] ശ്രീ. വി. ബാലറാം:
ശ്രീമതി മേഴ്സി രവി:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, എം. കെ. പോൾസൻ മാസ്റ്റർ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വൈദ്യുത പദ്ധതികൾക്കുവേണ്ടി എ. ഡി. ബി. യിൽനിന്നും എന്തു തുകയാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഇത് എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) എ. ഡി. ബി.-യിൽനിന്നു കിട്ടുന്ന തുകയുടെ ദുർവിനിയോഗം തടയുന്നതും ആനുപാതികമായ റിട്ടേൺസ് ഇല്ലാത്ത ചെലവുകൾ ഒഴിവാക്കുന്നതും ഉറപ്പുവരുത്തുന്നത് എപ്രകാരമാണ് എന്നറിയിക്കാമോ?

ഉത്തരം

(എ, ബി) എ. ഡി. ബി. 2000-ലും 2001-ലും നടത്തിയ കൺട്രി പ്രോഗ്രാമിംഗ് മിഷനിൽ കേരളത്തിന്റെ വൈദ്യുത പദ്ധതികൾക്ക് 2003-ൽ വായ്പ നൽകാമെന്ന് സമ്മതിച്ചിരുന്നു. ഇതുപ്രകാരം കെ. എസ്. ഇ. ബി.-യിലെ ഉൽപ്പാദന, പ്രസരണ വിതരണ മേഖലയിലെ വിവിധ പദ്ധതികളുടെ വികസനത്തിനും, പുനരുദ്ധാരണത്തിനും വേണ്ടി പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും, അവയ്ക്കുവേണ്ടി വരുന്ന വായ്പയേയും സംബന്ധിച്ച് വിശദാംശങ്ങൾ പഠിക്കുന്നതിനുമായി എ. ഡി. ബി. അവരുടെ കൺസൾട്ടന്റ് ആയി ക്രിസിൽ ആന്റ് നെക്സൻറിനെ നിയമിച്ചിട്ടുണ്ട്. കൺസൾട്ടന്റിന്റെ അന്തിമ പഠനറിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ആനുപാതികമായി റിട്ടേൺസ് ലഭിക്കുന്ന പദ്ധതികൾക്കു മാത്രമേ ഈ തുക ലഭിച്ചാൽ വിനിയോഗിക്കുകയുള്ളൂ. എന്നാൽ, മേൽപ്പറഞ്ഞ റിപ്പോർട്ട് ലഭിച്ചതിനുശേഷം വിശദമായി പഠിച്ചതിനുശേഷമേ ഈ വായ്പ സ്വീകരിക്കുന്ന കാര്യം തീരുമാനിക്കുകയുള്ളൂ.

വൈദ്യുതി മേഖലയിൽ വരുത്തുവാൻ പോകുന്ന പരിഷ്ക്കാരങ്ങൾ

77 [5318] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവീകരണ പരിപാടിയുടെ ഭാഗമായി വൈദ്യുതി മേഖലയിൽ വരുത്തുവാൻ പോകുന്ന പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേന്ദ്ര സർക്കാർ 10-6-2003-ൽ പ്രാബല്യത്തിൽ കൊണ്ടുവന്ന ഇലക്ട്രിസിറ്റി ആക്റ്റ്-03 പ്രകാരം സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ നടപ്പിലാക്കേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാരും ബോർഡും പഠിച്ചുവരികയാണ്.

എന്നാൽ സാങ്കേതിക മേഖലയിൽ നവീകരണ പരിപാടിയുടെ ഭാഗമായി വൈദ്യുതി മേഖലയിൽ വരുത്തുവാൻ പോകുന്ന പരിഷ്കാരങ്ങൾ താഴെ പറയുന്നവയാണ്:

1. സെക്ഷൻ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുക.

2. ഡിസ്ട്രിബ്യൂഷൻ സിസ്റ്റം മെച്ചപ്പെടുത്തുന്നതിനായി '3' സർക്കിളുകളിലും '7'നഗരങ്ങളിലും എ. പി. ഡി. ആർ. പി. പദ്ധതി നടപ്പിലാക്കുക. തുടർന്ന് മറ്റ് പട്ടണങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുക.

3. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാനുള്ള നടപടികളുടെ ഭാഗമായി പത്താം പദ്ധതിക്കാലത്ത് '99' ഇ. എച്ച്. ടി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നൂറ്റി ഇരുപത് '33' കെ. വി. സബ്സ്റ്റേഷനുകളും 9500 കിലോമീറ്റർ 11 കെ. വി. ലൈനുകളും നിർമ്മിക്കുക, 10,000 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ഇ. എച്ച്. ടി. സബ്സ്റ്റേഷനുകളിൽ 550 എം. വി. എ. ആർ. കപ്പാസിറ്ററുകളും 80 എം. വി. എ. ആർ., എൽ. ടി. കപ്പാസിറ്ററുകളും സ്ഥാപിക്കുക, എ. പി. ഡി. ആർ. പി. പദ്ധതിപ്രകാരം പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ എല്ലാ ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

4. ശബരിഗിരി, നേര്യമംഗലം ജലവൈദ്യുത പദ്ധതികളുടെ നവീകരണവും. പുനരുദ്ധാരണവും.

5. തിരുവനന്തപുരം നഗരത്തിൽ ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ പദ്ധതി നടപ്പിലാക്കുക.

പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി

78 [5320] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ലൈനുകളിൽ നിന്നും ഗാർഹിക ഉപഭോഗത്തിന് വൈദ്യുതി ലഭ്യമാക്കുമ്പോൾ കേരളത്തിലെ ശരാശരി പ്രസരണ നഷ്ടം, ഇപ്പോൾ എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനമാണ് ഇപ്പോഴുള്ളതെന്ന് കൂടി വിശദമാക്കാമോ;

(ബി) പ്രസരണ നഷ്ടത്തോത് കുറയ്ക്കുവാൻ ഓരോ രംഗത്തും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly